07.05.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 26-11-1994

# പരമാത്മ പാലനയുടെയും പരിവർത്തന ശക്തിയുടെയും പ്രത്യക്ഷ സ്വരൂപം - സഹജയോഗി ജീവിതം

ഇന്ന് ബാപ്ദാദ ഓരോ കുട്ടികളുടെയും മസ്തകത്തിൽ വിശേഷിച്ചും ശ്രേഷ്ഠ ഭാഗ്യത്തിന്റെ മൂന്ന് രേഖകളാണ് കാണുന്നത്. സർവ്വ കുട്ടികളുടെയും ഭാഗ്യം സദാ സർവ്വശ്രേഷ്ഠം തന്നെയാണ്. എന്നാൽ ഇന്ന് വിശേഷിച്ചും മൂന്ന് രേഖകളുടെ തിളക്കമാണ് കണപ്പെട്ടത്. ഒന്ന് പരമാത്മാ പാലനയുടെ ഭാഗ്യത്തിന്റെ രേഖ, അടുത്തത് പരിധിയില്ലാത്ത ഉയർന്നതിലും ഉയർന്ന പഠിപ്പിന്റെ ഭാഗ്യ രേഖ, മൂന്നാമത് ശ്രേഷ്ഠമായ മതം പ്രാപ്തമാക്കിയ ഭാഗ്യത്തിന്റെ രേഖ. അത് ലൗകികമാണെങ്കിലും അലൗകികമാണെങ്കിലും, ഓരോരുത്തർക്കും തന്റെ ജീവിതത്തിൽ മൂന്നു പ്രാപ്തികളും ഉണ്ടാകുന്നുണ്ട്. പാലനയും ലഭിക്കുന്നുണ്ട്, പഠിപ്പും ലഭിക്കുന്നുണ്ട്, മതവും ലഭിക്കുന്നുണ്ട്. ഈ മൂന്നിലൂടെ മാത്രമാണ് ഓരോ ആത്മാവും തന്റെ വർത്തമാനവും ഭാവിയും ഉണ്ടാക്കുവാൻ നിമിത്തമാകുന്നത്. താങ്കൾ ശ്രേഷ്ഠ ആത്മാക്കൾക്ക് ആരുടെ പാലനയാണ് ലഭിക്കുന്നത്. പരമാത്മാ പാലനയ്ക്കുള്ളിലാണല്ലോ ഓരോ സെക്കന്റും പാലിക്കപ്പെട്ടു കൊണ്ടിരിക്കുന്നത്. പരമാത്മാവ് ഉയർന്നതിലും ഉയർന്നതാണല്ലോ അതുപോലെ പരമാത്മാ പാലനയും എത്ര ശ്രേഷ്ഠമാണ്. ഈ പരമാത്മാ പാലനയ്ക്കു പാത്രമായിരിക്കുന്നവർ എത്ര പേരാണ്, ആരൊക്കെയാണ്? മുഴുവൻ വിശ്വത്തിലുള്ള ആത്മാക്കൾക്കും പരമാത്മാ പാലനയും പഠിപ്പും ലഭിക്കുന്നില്ലല്ലോ. താങ്കൾ എത്ര കുറച്ച് ആത്മാക്കൾക്കാണ് ഈ ഭാഗ്യം ലഭിച്ചിരിക്കുന്നത്. മുഴുവൻ കൽപത്തിലും ഈ വളരെ കുറച്ചു സമയത്ത് മാത്രമാണ് പരമാത്മാ പാലന ലഭിക്കുന്നത്. ദൈവീക പാലനയും മനുഷ്യരുടെ പാലനയും ജന്മ-ജന്മാന്തരങ്ങൾ ലഭിച്ചല്ലോ. എന്നാൽ ഈ ശ്രേഷ്ഠ പാലന ഇപ്പോഴില്ലെങ്കിൽ എപ്പോഴുമില്ല. ഇങ്ങനെയുള്ള ശ്രേഷ്ഠമായ ഭാഗ്യത്തിന്റെ ശ്രേഷ്ഠ രേഖ സദാ മസ്തകത്തിൽ തിളങ്ങുന്നതായി അനുഭവം ചെയ്യുന്നുണ്ടോ? ഏതൊരു പ്രാപ്തിയാണെങ്കിലും സദാ അനുഭവം ചെയ്യാനാണോ ആഗ്രഹിക്കുന്നത് അതോ ഇടയ്ക്കിടെയാണോ. പ്രാപ്തി സദാ കാലത്തേക്കാണെങ്കിൽ പുരുഷാർത്ഥവും സദാ വേണ്ടേ? സദാ തീവ്രമായ പുരുഷാർത്ഥമാണോ അതോ ഇടയ്ക്ക് തീവ്രം ഇടയ്ക്ക് സാധാരണം അങ്ങനെയാണോ? പ്രത്യക്ഷത്തിൽ എന്താണ് നടക്കുന്നത്? ആഗ്രഹിക്കുന്നതും പ്രവർത്തിയിലേക്ക് കൊണ്ടു വരുന്നതും തമ്മിൽ വ്യത്യാസമുണ്ടോ? ധാരാളം ചിന്തിക്കുന്നുണ്ട് എന്നാൽ സ്മൃതിയിലേക്ക് കൊണ്ടു വരുന്നത് കുറവാണ്. ചിന്തിക്കുന്നതിന്റെ സ്വരൂപമാകണോ അതോ സ്മൃതി സ്വരൂപമാകണോ? സ്മൃതി സ്വരൂപമാകുന്നവരല്ലേ. അപ്പോൾ ഒരു കാര്യം കൂടി സ്മൃതിയിൽ വെക്കൂ, അമൃതവേളയിൽ നിങ്ങളെ ആരാണ് ഉണർത്തുന്നത്? ബാബയുടെ സ്നേഹമല്ലേ ഉണർത്തുന്നത്. ഒരു ദിവസത്തിന്റെ ആരംഭം തന്നെ നോക്കൂ എത്ര ശ്രേഷ്ഠമാണെന്ന്. ബാബ സ്വയം മിലനം ആഘോഷിക്കുവാനാണ് വിളിക്കുന്നത്. ആത്മീയ സംഭാഷണം നടത്തുന്നു. ശക്തികൾ നിറയ്ക്കുന്നു. അപ്പോൾ ഓരോ ദിവസത്തിന്റെയും ആദി എത്ര ശ്രേഷ്ഠമാണ്. ബാബയുടെ പ്രേമത്തിൽ ലയിച്ചാണോ എഴുന്നേൽക്കുന്നത്, അതോ പ്രയത്നത്തിലാണോ.. യഥാർത്ഥമായും പ്രേമത്തിന്റെ ഗീതമാണ് താങ്കളെ ഉണർത്തുന്നത്. അമൃതവേള മുതൽക്ക് ബാബ എത്ര സ്നേഹത്തോടെയാണ് നമ്മെ വിളിക്കുന്നത്. എഴുന്നേൽപ്പിക്കുന്നത്, മധുരമായ കുട്ടികളേ, പ്രിയപ്പെട്ട കുട്ടികളേ വരൂ. ആരുടെ ആദിയാണോ ഇത്രയ്ക്കും ശ്രേഷ്ഠം അവരുടെ മദ്ധ്യവും അന്ത്യവും എത്ര ശ്രേഷ്ഠമാകും? ശ്രേഷ്ഠമാകില്ലേ.

ബാപ്ദാദ കാണുന്നുണ്ടായിരുന്നു, എത്ര പാലനയും ഭാഗ്യവുമാണ് വർത്തമാന സമയത്ത് കുട്ടികൾക്ക് ലഭിക്കുന്നത്. എത്രത്തോളമാണോ ലഭിക്കുന്നത്, അത്രത്തോളം അതിന്റെ ലാഭമെടുക്കുന്നുണ്ടോ? ഇത്രയും ഭാഗ്യം പ്രാപ്തമാകുമെന്നുള്ളത് സ്വപ്നത്തിലോ സങ്കല്പത്തിലോ പോലും ഉണ്ടായിരുന്നില്ല. സങ്കല്പത്തിലും പുറമെയായിരുന്നു എന്നാൽ എത്ര സഹജമായി ലഭിച്ചു. ബാബയുടെ പാലനയുടെ പ്രത്യക്ഷ തെളിവാണ് സഹജയോഗീ ജീവിതം. ആരോടാണോ സ്നേഹമുള്ളത് അവർക്ക് ബുദ്ധിമുട്ടുള്ള പരിതസ്ഥിതി വന്നാൽ അഥവാ ബുദ്ധിമുട്ടുള്ള എന്തെങ്കിലും കാര്യം സംഭവിച്ചാൽ അത് കാണാനോ കേൾക്കുവാനോ സാധിക്കില്ല. ബാബയും ബുദ്ധിമുട്ടിനെ സഹജമാക്കുകയല്ലേ ചെയ്യുന്നത്. സദാ സഹജമാണ്. അതിനാൽ സദാ പുരുഷാർത്ഥത്തിന്റെ ഗതി തീവ്രമാകണം. ഇന്ന് നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്ത് നാളെ കുറച്ച് ശതമാനം കുറവാണെങ്കിൽ അതിനെ സദാ സഹജമെന്ന് പറയുമോ. ആരാണ് സദാ ബുദ്ധിമുട്ടാക്കി മാറ്റുന്നത്? സ്വയം തന്നെയല്ലേ.. കാരണമെന്താണ്? ചിന്തിക്കുന്നതിന്റെ ശീലമുണ്ട് എന്നാൽ സ്മൃതി സ്വരൂപമാകുന്നതിന്റെ സംസ്കാരം ഇടയ്ക്ക് പ്രത്യക്ഷത്തിലേക്ക് വരുന്നു, ഇടയ്ക്ക് ഗുപ്തമാകുന്നു. സ്മൃതി സ്വരൂപമാണെങ്കിൽ മാത്രമേ സമർത്ഥ സ്വരൂപമാകുവാൻ സാധിക്കൂ. ചിന്തിക്കുന്നത് മാത്രം സമർത്ഥ സ്വരൂപമാകില്ല. സ്മൃതിയാണ് സമർത്ഥത കൊണ്ടു വരുന്നത്. എന്തിനാണ് വിസ്മൃതിയിലേക്ക് വരുന്നത്? ശീലത്തിൽ അടിമപ്പെട്ടു പോകുന്നു. എവിടെയാണോ നിശ്ചയമുള്ളത് അവിടെ പ്രയത്നമില്ല. തന്റെ യഥാർത്ഥ

ശീലം വിസ്മൃതിയുടേതല്ല. ആദിയിൽ സ്മൃതി സ്വരൂപവും പ്രാപ്തിയുമനുഭവിക്കുന്ന ദേവാത്മാക്കളാണ്. യോഗം വെക്കാനുള്ള പുരുഷാർത്ഥം ചെയ്യുന്നവരല്ല, എന്നാൽ സ്മൃതി സ്വരൂപത്തിന്റെ പ്രാപ്തി അനുഭവിക്കുന്നവരാണ്. അപ്പോൾ ആദിയിലും സ്മൃതി സ്വരൂപത്തിന്റെ പ്രത്യക്ഷ ജീവിതം, അനാദി ആത്മാവ് എപ്പോഴാണോ താങ്കൾ പരംധാമത്തിൽ നിന്നും വന്നത് അപ്പോഴും താങ്കൾ വിശേഷ ആത്മാക്കളുടെ സംസ്കാരം സ്വതവേ സ്മൃതി സ്വരൂപമാണ്. അന്തിമത്തിൽ സംഗമത്തിലും സ്മൃതി സ്വരൂപമാകുന്നുണ്ടല്ലോ അപ്പോൾ ആദി അനാദി അന്ത്യം – മൂന്നു കാലങ്ങളിലും സ്മൃതി സ്വരൂപം. മദ്ധ്യത്തിലാണ് വിസ്മൃതിയുടെ സംസ്കാരത്തിലേക്ക് വന്നത്. അപ്പോൾ അനാദി ആദി സ്വരൂപമാണോ സഹജമാകേണ്ടത് അതോ മദ്ധ്യ കാലത്തെ സംസ്കാരമാണോ.. എല്ലാവരും ചിന്തിക്കുന്നുണ്ട് – ഞാൻ ആത്മാവാണ്, എന്നാൽ സ്മൃതി സ്വരൂപത്തോടെ പെരുമാറുക, സംസാരിക്കുക, കാണുക ഇതിൽ വ്യത്യാസമുണ്ടാകുന്നു. അപ്പോൾ ഈയൊരു കാര്യം സ്മൃതിയിലേക്കു കൊണ്ടു വരൂ നമ്മൾ പരമാത്മാ പാലനയുടെ അധികാരികളായ ആത്മാക്കളാണ്.

ബാപ്ദാദ കുട്ടികളുടെ ചാർട്ട് പരിശോധിക്കുമ്പോൾ ഇടയ്ക്ക് താഴേക്കും ഇടയ്ക്ക് മുകളിലേക്കുമാകുന്നുണ്ട്. ചിലപ്പോൾ ചില കറകളെ കാണാറുണ്ട്, ചിലപ്പോൾ ജീവിതത്തിന്റെ താളുകൾ കറയറ്റതായും കാണുന്നു. ചില സമയങ്ങളിൽ കറ മാത്രമാണ് കാണുക. ഒന്നിന്റെ പിറകെ മറ്റൊന്ന് അതിനു പിറകെ വേറൊന്ന് അങ്ങനെ കാണപ്പെടുന്നു. എന്തു കൊണ്ട്? ഒന്ന് തെറ്റുകൾ സംഭവിക്കുന്നുണ്ട്, പിന്നീട് തെറ്റുകൾ സംഭവിച്ചതിനെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കുന്നു. എന്ത്, എന്തുകൊണ്ട്, എങ്ങനെ, ഇങ്ങനെയല്ല അങ്ങനെ എന്നൊക്കെ... പല പല രൂപങ്ങളിൽ കാര്യത്തെ മുറുകെ പിടിക്കുന്നു, ഉപേക്ഷിക്കുന്നില്ല. കാര്യങ്ങൾ താങ്കളെ വിട്ട് പോയാലും താങ്കൾ കാര്യങ്ങളെ വിട്ട് പോകുന്നില്ല. എത്ര സമയമാണ് ചിന്തിക്കുന്നതിന്റെ സ്വരൂപമാകുന്നത്, യഥാർത്ഥ സ്മൃതി സ്വരൂപമാകുന്നില്ല. അപ്പോൾ കറയുടെ മേൽ കറ പുരളുന്നതിനു സമാനമാണ്. പരീക്ഷയുടെ സമയം കുറവാണ്, എന്നാൽ വ്യർത്ഥം ചിന്തിക്കുന്നതിന്റെ സംസ്കാരം കാരണത്താൽ പരീക്ഷയുടെ സമയം വർദ്ധിക്കുന്നു. സെക്കന്റ് പൂർത്തിയായാൽ ഉടൻ തന്നെ നിർവ്വികല്പ സ്ഥിതി തയ്യാറാകണം. നിർവ്വികല്പ സ്ഥിതി ഉണ്ടാക്കുവാൻ അറിയുമോ? തന്റെ ശ്രേഷ്ഠ ഭാഗ്യത്തെ സ്മരിച്ച് സദാ ഹർഷിതമായിരിക്കൂ. പരമാത്മാ പാലനയുടെ സ്മൃതി ഇടയ്ക്കിടെ കൊണ്ടു വരൂ. കേൾക്കുവാനും അറിയാം, ചിന്തിക്കുവാനും അറിയാം. എന്നാൽ എന്തിലാണ് വ്യത്യാസമുണ്ടാകുന്നത്? ബാപ്ദാദ കുട്ടികളുടെ കളി കണ്ടു കൊണ്ടിരിക്കുകയാണ്. മുഴുവൻ ദിവസവും എന്തെല്ലാം കളിയാണ് കളിക്കുന്നതെന്ന് രാത്രിയിൽ പരിശോധിക്കുന്നുണ്ടല്ലോ. മായയുടെ കളിക്കോപ്പുകൾ വളരെയധികം ആകർഷണീയമാണ്. അപ്പോൾ അതുമായി കളിച്ചു കൊണ്ടിരിക്കുന്നു. ആദ്യമെല്ലാം വളരെയധികം സ്നേഹ പൂർവ്വം മായ കളിപ്പിക്കുന്നു. കളിച്ച് കളിച്ച് എപ്പോഴാണോ കളിയിൽ തോറ്റു പോകുന്നത് അപ്പോഴാണ് ബോധം വരുന്നത്. ഭൂരിപക്ഷം പേരിലും ഒരു വിശേഷ ശക്തിയുടെ കുറവ് കാണപ്പെടുന്നുണ്ട്. ഇടയ്ക്ക് വളരെ നല്ല രീതിയിൽ പോകുന്നു, ഇടയ്ക്ക് മുന്നേറുന്നുണ്ട്, ഇടയ്ക്ക് പറക്കുന്നുമുണ്ട്. മുന്നേറിയതിനു ശേഷവും എന്തു കൊണ്ടാണ് തോറ്റു പോകുന്നത്.? അതിനുള്ള വിശേഷ കാരണമെന്താണ്? പരിവർത്തന ശക്തിയുടെ ദുർബലത. ഇത് യഥാർത്ഥമല്ലെന്ന് മനസ്സിലാക്കുന്നുമുണ്ട്. എന്നാൽ പരിവർത്തനപ്പെടുന്നതിൽ കുറവ് കാണുന്നുണ്ട്. ബ്രാഹ്മണ ജീവിതത്തിൽ പരിവർത്തനത്തിലേക്ക് വന്നു കഴിഞ്ഞു. ഞാൻ ബ്രാഹ്മണനല്ലെന്ന് ആരെങ്കിലും പറയുമോ? എല്ലാവരും സ്വയത്തെ ബി.കെ എന്നല്ലേ എഴുതുന്നത്. ഞാൻ ബ്രാഹ്മണനെന്ന് മനസ്സിലാക്കുന്നില്ലേ? ബ്രാഹ്മണ ജീവിതത്തിൽ എന്തെല്ലാം പരീക്ഷണങ്ങളാണോ വരുന്നത് അതിൽ പരിവർത്തനപ്പെടുത്താനുള്ള ശക്തിയും അവശ്യം പ്രാപ്തമാകുന്നു. വ്യർത്ഥ സങ്കല്പങ്ങൾ നടക്കുമ്പോൾ ഇത് വ്യർത്ഥമാണെന്ന് മനസ്സിലാക്കുന്നുമുണ്ട്. എന്നാൽ വ്യർത്ഥ സങ്കല്പങ്ങളുടെ ഒഴുക്ക് ഇത്രയും തീവ്രമാകുന്നതിനാൽ അതിന്റെ ആകർഷണത്തിൽ അകപെട്ടു പോകുന്നുണ്ട്. എങ്ങനെ നദി അഥവാ സാഗരത്തന് ഫുൾ ഫോഴ്സുണ്ടെങ്കിൽ അതിനെ തടയുവാൻ എത്ര തന്നെ പ്രയത്നിച്ചാലും അത് വീണ്ടും ശക്തമായിത്തന്നെ ഒഴുകുന്നത്. മനസ്സിലാക്കുന്നുമുണ്ട്, ചിന്തിക്കുന്നുമുണ്ട് ഇത് ശരിയല്ലെന്ന്. ഇതിലൂടെ നഷ്ടമാണുണ്ടാകുന്നതെന്ന്. വീണ്ടും അതിന്റെ ഒഴുക്കിൽ പെട്ട് ഒഴുകി പോകുന്നു. ഇതിന്റെ കാരണമെന്താണ്? പരിവർത്തന ശക്തിയുടെ കുറവ്. ആദ്യത്തെ വിശേഷ പരിവർത്തനമാണ് സ്വരൂപത്തിന്റെ പരിവർത്തനം. ഞാൻ ഈ ശരീരമല്ല, ആത്മാവാണ്. ഇതാണ് സ്വരൂപത്തിന്റെ പരിവർത്തനം. ഇതാണ് ആദി പരിവർത്തനം. ഇതിലും പരിശോധിക്കൂ, എപ്പോഴാണോ ദേഹാഭിമാനത്തിന്റെ ഫോഴ്സ് കൂടുതലാകുന്നത്, അപ്പോൾ ആത്മാഭിമാനത്തിന്റെ സ്വരൂപത്തിൽ സ്ഥിതി ചെയ്യാൻ സാധിക്കുന്നുണ്ടോ? അതോ ഒഴുകിപ്പോകുന്നുണ്ടോ? അഥവാ സെക്കന്റിൽ പരിവർത്തന ശക്തി പ്രയോഗത്തിലേക്ക് വരികയാണെങ്കിൽ സമയം സങ്കല്പം എത്രയാണ് ലാഭിക്കുക.

അതിനാൽ ആദ്യത്തെ പരിവർത്തന ശക്തിയാണ് സ്വരൂപത്തിന്റെ പരിവർത്തനം, സ്വഭാവത്തിന്റെ പരിവർത്തനം. പഴയ സ്വഭാവങ്ങൾ പുരുഷാർത്ഥി ജീവിതത്തിൽ ചതിക്കുന്നു. എന്റെ ഈ സ്വഭാവം യഥാർത്ഥമല്ലെന്ന് മനസ്സിലാക്കുന്നുമുണ്ട്. എന്നാൽ ഈ സ്വഭാവം സമയത്തിനനുസരിച്ച് ചതിക്കുന്നുമുണ്ട്,

ഇതെല്ലാം മനസ്സിലാക്കിയിട്ടും ആ സ്വഭാവത്തിന് വശപ്പെട്ടു പോകുന്നു. പിന്നീട് സ്വയത്തെ രക്ഷിക്കുവാനായി പറയുന്നു. എന്റെ ഭാവമിതല്ലായിരുന്നു. എന്റെ സ്വഭാവം ഇതാണ്, ഞാൻ ഇത് ആഗ്രഹിക്കുന്നില്ല എന്നാൽ ആയിത്തീരുന്നു. ബ്രാഹ്മണനാകുന്നു അർത്ഥം ജന്മം പരിവർത്തനപ്പെട്ടു, സംബന്ധം പരിവർത്തനപ്പെട്ടു, മാതാ-പിതാക്കൾ പരിവർത്തനപ്പെട്ടു, പരിവാരം പരിവർത്തനപ്പെട്ടു, എന്നാൽ സ്വഭാവം എന്തു കൊണ്ട് മാറുന്നില്ല. പിന്നീട് രാജകീയമായ വാക്കു പ്രയോഗിക്കുന്നു ഇതാണ് എന്റെ സ്വഭാവം. അപ്പോൾ ആദ്യത്തെ പരിവർത്തനമാണ് സ്വരൂപത്തിന്റെ പരിവർത്തനം. രണ്ടാമത് സ്വഭാവത്തിന്റെ പരിവർത്തനം. മൂന്നാമത് സങ്കല്പത്തിന്റെ പരിവർത്തനം. സെക്കന്റിൽ വ്യർത്ഥത്തെ സമർത്ഥത്തിലേക്ക് പരിവർത്തനപ്പെടുത്തൂ. പലരും മനസ്സിലാക്കുന്നു, അര മണിക്കൂർ മാത്രമെ കൊടുങ്കാറ്റ് ഉണ്ടായിരുന്നുള്ളൂ എന്ന്, അര മണിക്കൂറോ 15 മിനിറ്റോ ആയാലും ഇത്രയും സമയത്തെ ദുർബല സംസ്കാരമായില്ലേ. എങ്ങനെയാണോ ശരീരം ഇടയ്ക്കിടെ ദുർബലത കാണിക്കുകയാണെങ്കിൽ സദാ കാലത്തേക്ക് ദുർബലമായിത്തീരുന്നത്. അപ്പോൾ 15 മിനിറ്റ് എന്ന് പറയുന്നത് ഒട്ടും കുറവല്ല. സംഗമയുഗത്തിലെ ഓരോരോ സെക്കന്റും വർഷത്തിനു സമാനമാണ്. അപ്പോൾ ഇത്രയും അലസരാകരുത്. കുറച്ചു മാത്രമേ പോയിട്ടുള്ളൂ എങ്കിലും എത്ര നഷ്ടപ്പെടുത്തി. ഓരോ ചുവടിലും കോടി എന്ന് പറയുന്നു എങ്കിൽ 15 മിനിറ്റിൽ എത്ര ചുവടുകൾ വെക്കും. എത്ര നഷ്ടപ്പെടുത്തുന്നു. സമ്പാദ്യത്തിന്റെ ശേഖരണത്തിൽ കണക്കുകൾ വളരെ നന്നായി വെക്കുന്നു, ഓരോ ചുവടിലും കോടികൾ സമ്പാദിച്ചു എന്ന്. എന്നാൽ നഷ്ടപ്പെടുത്തുന്നതിന്റെയും കണക്ക് വെക്കൂ. അപ്പോൾ ആഗ്രഹിക്കാതെ പോലും സംസ്കാരം ആകർഷിക്കരുത്. ഏതൊരു കാര്യമാണോ ഇടയ്ക്കിടെ സംഭവിക്കുന്നത് അത് സംസ്കാരമായി രേഖപ്പെടുന്നു. അപ്പോൾ സങ്കല്പത്തിന്റെ പരിവർത്തനം ചെയ്യൂ. കേവലം ചിന്തിച്ചു കൊണ്ടിരിക്കരുത്, ചെയ്യാൻ പാടില്ലായിരുന്നു എന്നാൽ സംഭവിച്ചു പോയി, എന്തു ചെയ്യും? ചിന്തിക്കൂ, ചെയ്ത് കാണിക്കൂ. പറയാറുണ്ടല്ലോ കഴിഞ്ഞു പോയതിനെ ഫുൾ സ്റ്റോപ്പിടൂ എന്ന്. പരസ്പരം ജ്ഞാനം നൽകാറുണ്ടല്ലോ - ആരെങ്കിലും വന്ന് നിങ്ങളോട് എന്തെങ്കിലും കാര്യം സംസാരിക്കുകയാണെങ്കിൽ പറയുമല്ലോ ശരിയാണ് ബിന്ദു ഇടൂ എന്ന്, എന്നാൽ സ്വയം ബിന്ദു വെച്ചോ എന്ന് പരിശോധിക്കൂ. ബിന്ദു ഇടാൻ ഏതൊരു ശക്തിയാണ് ആവശ്യം. പരിവർത്തന ശക്തി. പരിവർത്തന ശക്തിയുള്ളവർ എപ്പോഴും നിർമ്മലവും വിനയമുള്ളവരായിരിക്കും. ആദ്യമേ തന്നെ ബാപ്ദാദ കേൾപ്പിച്ചിരുന്നു. സ്വയം മോൾഡാകുന്നവർ (പാകപ്പെടുന്നവർ) റിയൽ ഗോൾഡ് (യഥാർത്ഥ സ്വർണ്ണം) ആകുമെന്ന്. യഥാർത്ഥ സ്വർണ്ണത്തിന്റെ അടയാളമാണ് അവർ മോൾഡാകുന്നു. അപ്പോൾ പരിവർത്തന ശക്തി ഉപയോഗത്തിലേക്ക് വരുന്നുണ്ടോ എന്ന് പരിശോധിക്കൂ. അതോ സമയം കഴിഞ്ഞാൽ മാത്രമാണോ ചിന്ത വരുന്നത്. അപ്പോൾ പരിവർത്തന ശക്തിയെ വർദ്ധിപ്പിക്കുക. ആരിലാണോ പരിവർത്തന ശക്തിയുള്ളത് അവർ എല്ലാവർക്കും പ്രിയപ്പെട്ടതാകുന്നു. അവരുടെ ചിന്തകളും സഹജമായിരിക്കും, മുന്നോട്ടു പോകവേ നമ്മൾ സേവനത്തിൽ തന്നെയാണല്ലോ. സേവനത്തിലും എന്താണ് വിഘ്ന രൂപമാകുന്നത്. എന്റെ വിചാരം, എന്റെ പദ്ധതി, എന്റെ സേവനം ഇത്ര നല്ലതായിട്ടും എന്നെ എന്തു കൊണ്ട് അംഗീകരിക്കുന്നില്ല? അപ്പോൾ യഥാർത്ഥ സ്വർണ്ണമെന്ന് പറയുമോ? എന്റേത് എന്ന് വന്നു അർത്ഥം അതിൽ കലർപ്പുണ്ടായി എന്നാണ്. യഥാർത്ഥ സ്വർണ്ണത്തിൽ കലർപ്പുണ്ടായാൽ അതിനെ യഥാർത്ഥ സ്വർണ്ണമെന്നു പറയുമോ? അതിനു മൂല്യമുണ്ടാകുമോ? എത്ര വ്യത്യാസമുണ്ടാകുന്നു. അപ്പോൾ സമയത്തെയും വായുമണ്ഡലത്തെയും തിരിച്ചറിഞ്ഞ് സ്വയത്തെ പരിവർത്തനപ്പെടുത്തുന്നതിന്റെ അവശ്യകതയുണ്ട്. വലിയ വലിയ കാര്യങ്ങൾ പരിവർത്തനപ്പെടുത്താൻ സഹജമാണ്, എന്നാൽ ഓരോ പരിതസ്ഥിതിയിലും ഓരോ സംബന്ധ സമ്പർക്കത്തിലും സമയത്തെയും വായുമണ്ഡലത്തെയും മനസ്സിലാക്കി സ്വയത്തെ പരിവർത്തനപ്പെടുത്തണം, ഇവരാണ് നമ്പർ വണ്ണിലേക്ക് വരിക. ഇങ്ങനെ ഒരിക്കലും മനസ്സിലാക്കരുത്, ഇവരും മനസ്സിലാക്കണ്ടേ, ഇവരും പരിവർത്തനപ്പെടേണ്ടേ, ഞാൻ മാത്രം പരിവർത്തനപ്പെട്ടാൽ മതിയോ.. ആര് ചെയ്യുന്നുവോ അവർ അർജുനൻ. ഇതിൽ ആരാണോ സ്വയത്തെ പരിവർത്തനപ്പെടുത്തിയത്, ഈ പരിവർത്തനം തന്നെയാണ് വിജയിയാകുന്നതിന്റെ അടയാളം. മനസ്സിലായോ. നല്ലത്.

നാനാവശത്തുമുള്ള സർവ്വ സ്മൃതിസ്വരൂപരായ ആത്മാക്കൾക്ക്, സദാ സെക്കന്റിൽ പരിവർത്തന ശക്തിയിലൂടെ സ്വപരിവർത്തനം ചെയ്യുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ സഹജയോഗി അനുഭവം ചെയ്യുന്ന അനുഭവിയായ ആത്മാക്കൾക്ക്, സദാ ബാബയ്ക്ക് സമീപവും സമാനവുമാകുന്ന ഉണർവ്വും ഉത്സാഹവുമുള്ള സർവ്വ ആത്മാക്കൾക്കും സ്നേഹ സ്മരണയും നമസ്കാരവും.

ടീച്ചേഴ്സിനെ പ്രതി - എല്ലാ ടീച്ചേഴ്സും സദാ ജ്ഞാന സ്വരൂപരും ശക്തി സ്വരൂപരും തന്നെയാണെല്ലോ. എങ്ങനെയാണോ ബാബ ശിക്ഷനായി വരുന്നത്, അതു പോലെ ബാബയ്ക്കു സമാനം നിമിത്ത ശിക്ഷരല്ലേ. ബാബയ്ക്കു സമാനം എന്നു മാത്രമല്ല, നിമിത്ത ശിക്ഷകരാണ്. അപ്പോൾ ടീച്ചേഴ്സിന്റെ വിശേഷതയാണ്, നിമിത്ത ഭാവവും വിനയഭാവവും. സഫലമായ ടീച്ചറുടെ സ്വഭാവം സദാ നിർമ്മലമായിരിക്കും. ഈ നിർമ്മല സ്വഭാവമാണ് വിനയത്തിന്റെ അടയാളം. അപ്പോൾ അടിവരയിടൂ, നിർമ്മല സ്വഭാവം. തീർത്തും ശീതളം. ശീതളതയുടെ മഹിമയാണ് ശീതളതാ ദേവി എന്ന്. അപ്പോൾ നിർമ്മല സ്വഭാവം അർത്ഥം ശീതള സ്വഭാവം.

കാര്യം ആവേശപ്പെടുത്തുന്നതായിരിക്കും എന്നാൽ താങ്കൾ നിർമ്മലമായിരിക്കണം അപ്പോൾ പറയും സഫലമായ ടീച്ചർ. അപ്പോൾ ബാപ്ദാദ വീണ്ടും അടിവരയിടീക്കുന്നു. ഏതിനു മേൽ ? നിർമ്മല സ്വഭാവം. മനസ്സിലായോ? ശരി.
ചോദ്യം – ഏറ്റവും വലിയ ഖജനാവ് ഏതാണ്? ഇതിലൂടെ മാത്രമാണ് ജ്ഞാന യോഗത്തിന്റെ തിരിച്ചറിവുണ്ടാകുന്നത്?
ഉത്തരം – ഏറ്റവും വലിയ ഖജനാവാണ് സന്തോഷം. എത്ര തന്നെ ജ്ഞാന യോഗമുണ്ടെങ്കിലും സന്തോഷത്തിന്റെ പ്രാപ്തി ഇല്ല എങ്കിൽ ജ്ഞാനത്തിന്റെ ധാരണ ശരിയല്ല. അവർക്ക് ഏതൊരു പരിതസ്ഥിതി വന്നാലും സന്തോഷം അപ്രത്യക്ഷമാകില്ല. അവിനാശിയായ ബാബയുടെ അവിനാശി ഖജനാവാണ് ലഭിച്ചിരിക്കുന്നത്. അതിനാൽ സന്തോഷം ഒരിക്കലും അപ്രത്യക്ഷമാകില്ല. യോഗം ചെയ്യുന്നുണ്ട് എന്നാൽ സന്തോഷമില്ല എങ്കിൽ യോഗം ശരിയല്ല. താങ്കളുടെ സന്തോഷം കണ്ട് മറ്റുള്ളവർ താങ്കളോട് ചോദിക്കണം എന്താണ് താങ്കൾക്ക് ലഭിച്ചതെന്ന്, ഇതു തന്നെയാണ് ജ്ഞാന-യോഗത്തിന്റെ പ്രത്യക്ഷതയുടെ സാധന.

ചോദ്യം – ഏതൊരു ലഹരിയുടെ ആധാരത്തിലാണ് വിഘ്നങ്ങൾ സ്വതവേ സമാപ്തമാകുന്നത് ?
ഉത്തരം – ഒരു ബാബ രണ്ടാമതാരുമില്ല. ഈ ലഹരിയിൽ മുഴുകിയിരിക്കൂ, എന്നാൽ വിഘ്നത്തിന് നിലനിൽക്കുവാൻ സാധിക്കില്ല. വിഘ്നമുണ്ടെങ്കിൽ ലഹരിയുണ്ടാകില്ല. വിഘ്നം വന്നാലും അതിന്റെ പ്രഭാവം ഉണ്ടാവില്ല. സ്വയം ഭാഗ്യശാലി ആത്മാവായിത്തീരുന്നു എങ്കിൽ അവർ ആരുടെയും പ്രഭാവത്തിൽ പെടുകയില്ല. എങ്ങനെയാണോ സൂര്യനെ എത്ര തന്നെ ഒളിക്കാൻ പ്രയത്നിച്ചാലും അതിന്റെ പ്രകാശം മറയാത്തത്, സദാ തിളങ്ങിക്കൊണ്ടിരിക്കുന്നു. അതുപോലെ പ്രഭാവശാലി ആത്മാക്കൾ ഒരിക്കലും ഏതൊരു പ്രഭാവത്തിലും ആകർഷിക്കപ്പെടുകയില്ല. അപ്പോൾ സദാ ഒരു ബാബ രണ്ടാമതാരുമില്ല. ഈ ലഹരിയിൽ മുഴുകിയിരിക്കൂ. ഇതാണ് സംഗമയുഗത്തിന്റെ വിശേഷ അനുഭവം.

**വരദാനം – സ്നേഹത്തിന്റെ ലിഫ്റ്റിലൂടെ പറക്കുന്ന കലയുടെ അനുഭവം ചെയ്യുന്ന അവിനാശി സ്നേഹിയായി ഭവിയ്ക്കട്ടെ.**

പ്രയത്നത്തിൽ മുക്തമാകുന്നതിനായി ബാബയുടെ സ്നേഹിയായിത്തീരൂ. ഈ അവിനാശി സ്നേഹം തന്നെയാണ് അവിനാശി ലിഫ്റ്റായി പറക്കുന്ന കലയുടെ അനുഭവം ചെയ്യിക്കുന്നത്. എന്നാൽ സ്നേഹത്തിൽ അലസതയുണ്ടെങ്കിൽ ബാബയിൽ നിന്നും കറന്റ് ലഭിക്കില്ല. ലിഫ്റ്റ് ഉപയോഗത്തിലേക്ക് വരില്ല. എങ്ങനെയാണോ കറന്റ് കട്ടാകുമ്പോൾ കണക്ഷൻ ഇല്ലാതാകുമ്പോൾ, ലിഫ്റ്റിലൂടെ സുഖത്തിന്റെ അനുഭൂതി ലഭിക്കാത്തത്, അതുപോലെ പ്രേമം കുറവാണെങ്കിൽ പ്രയത്നത്തിന്റെ അനുഭവമുണ്ടാകുന്നു, അതിനാൽ അവിനാശി സ്നേഹിയായിത്തീരൂ.

**സ്ലോഗൻ – ശുഭ സങ്കല്പത്തിലൂടെയും ദിവ്യ ബുദ്ധിയാകുന്ന യന്ത്രത്തിലൂടെയും തീവ്രഗതിയോടെ പറന്നുകൊണ്ടിരിക്കൂ.**